പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1592. 07/03/2018-ന് മറുപടിക്ക്

## സർക്കാർ ജീവനക്കാർക്കുള്ള ഉത്തരവുകൾ മലയാളത്തിൽ ആക്കണമെന്ന നിർദ്ദേശം

**ചോദ്യം**
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടി ഉത്തരവുകൾ, മെമ്മോ, സ്ഥാനക്കയറ്റം സംബന്ധിച്ച ഉത്തരവുകൾ എന്നിവ പൂർണ്ണമായും മലയാളത്തിൽ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**(സംഗ്രഹം)**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതിയോഗതീരുമാനം സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/സ്വയംഭരണ/സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ, സർവ്വീസ് സംബന്ധമായ വിഷയങ്ങൾ തുടങ്ങിയവ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

സ.ഉ(അച്ചടി) നമ്പർ. 2/2018/ഉഭപവ    തിരുവനന്തപുരം, തീയതി 30/01/2018

---

പരാമർശം:- 1. 13.01.2015-ലെ സ.ഉ (അച്ചടി) നം. 2/2015/ഉഭപവ നമ്പർ വിജ്ഞാപനം.
2. 13/01/2015-ലെ സ.ഉ (അച്ചടി) നം. 3/2015/ഉഭപവ നമ്പർ വിജ്ഞാപനം
3. 26.04.2017-ലെ സ.ഉ.(അച്ചടി)നം.6/2017/ഉഭപവ, നമ്പർ ഉത്തരവ്,
4. 01.08.2017-ന് ബഹു.ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതിയോഗ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

കേരളസർക്കാരിന്റെ ഭരണഭാഷാനയം സർവ്വമേഖലകളിലും നടപ്പിലാക്കുന്നതിലേയ്ക്കും ഔദ്യോഗികരംഗത്ത് ഭരണഭാഷയായ മലയാളം ഉപയോഗിക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിനുമായി 01.08.2017-ന് ബഹു.ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഔദ്യോഗികഭാഷസംബന്ധിച്ച സംസ്ഥാനതലസമിതിയോഗത്തിൽ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്ന് ബഹു.ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. അതിനാൽ സെക്രട്ടറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖല/സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ, ജീവനക്കാർക്കുനൽകുന്ന മെമ്മോകൾ, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും നിയമന ഉത്തരവുകളും ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ എന്നിവ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**ടി.ഒ.സൂരജ്**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/
സ്പെഷ്യൽ സെക്രട്ടറിമാർക്കും സെക്രട്ടേറിയറ്റിലെ ധനകാര്യം,
നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും/എല്ലാ വകുപ്പ് മേധാവികൾക്കും
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധസർക്കാർ/ സ്വയംഭരണ/സഹകരണ
സ്ഥാപനങ്ങളുടെ തലവൻമാർക്ക് വെബ് & മീഡിയ വിഭാഗം/
പ്രസ് റിലീസ് വിഭാഗം/ വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ